<u>പതിനാലാം കേരള നിയമസഭ</u>

<u>നാലാം സമ്മേളനം</u>

നക്ഷത്രചിഹ്നമിടാത്ത

നിയമസഭാ ചോദ്യം നം.3587 14/03/2017-ൽ മറുപടിക്ക്

<u>ഏലൂർ ഫയർ ആന്റ് റെസ്ക്യൂ സ്റ്റേഷൻ</u>

| <u>ചോദ്യം</u><br>ശ്രീ.ജോൺ ഫെർണാണ്ടസ് | <u>മറുപടി</u><br>ശ്രീ.പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |
|---|---|
| എ) ഫയർ ആന്റ് റെസ്ക്യൂവിന്റെ ഏലൂർ സ്റ്റേഷൻ പൂർണ്ണ തോതിൽ എന്ന് പ്രവർത്തിച്ച് തുടങ്ങുമെന്ന് വ്യക്തമാക്കാമോ; | എ) ഏലൂർ ഫയർസ്റ്റേഷന്റെ കെട്ടിട നിർമ്മാണം അന്തിമഘട്ടത്തിലാണ്. വാട്ടർ കണക്ഷനും, ഇലക്ട്രിസിറ്റി കണക്ഷനും ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ഈ പ്രവൃത്തികൾ പൂർത്തിയാകുന്ന മുറയ്ക്ക് സ്റ്റേഷൻ പൂർണ്ണതോതിൽ പ്രവർത്തനം ആരംഭിക്കുന്നതാണ്. |
| ബി) നിലവിലുള്ള സ്റ്റേഷനിൽ ആവശ്യമായ ഉപകരണങ്ങൾ ഉണ്ടോ; | ബി) ഏലൂർ ഫയർ സ്റ്റേഷനിൽ നിലവിൽ താഴെപ്പറയുന്ന ഉപകരണ ങ്ങൾ ഉണ്ട്. |

| ഉപകരണങ്ങൾ | എണ്ണം |
|---|---|
| ഫ്ളോട്ട് പമ്പ് | 1 |
| പോർട്ടബിൾ പമ്പ് | 1 |
| ബി.എ.സെറ്റ് | 1 |
| ഹൈഡ്രോളിക് പവർ കട്ടർ | 1 |

കൂടുതൽ ഉപകരണങ്ങൾ പർച്ചേസ് ചെയ്ത് ലഭ്യമാകുന്ന മുറയ്ക്ക് ആവശ്യകത കണക്കിലെടുത്ത് അനുവദിക്കാവുന്നതാണ്.

| | |
|---|---|
| സി) വ്യവസായ മേഖലയായതിനാൽ അപകട സാധ്യത കണക്കിലെടുത്ത് ഒരുക്കിയിട്ടുള്ള പ്രത്യേക സംവിധാനങ്ങൾ എന്തെല്ലാമെന്ന് വിശദമാക്കാമോ; | സി) വ്യവസായ മേഖലയിലെ അപകട സാദ്ധ്യതകൾ കണക്കിലെടുത്ത് മൾട്ടിഗ്യാസ് ഡിറ്റക്ടർ അനുവദിച്ചിട്ടുണ്ട്. |
| ഡി) സമീപകാലത്ത് എച്ച്.ഐ.എൽ. വിദേശത്ത് നിന്നും കൊണ്ടുവന്ന ടാങ്കർ പൊട്ടിത്തെറിച്ചതിന്റെ പശ്ചാത്തലത്തിൽ സുരക്ഷാ സജ്ജീകരണങ്ങൾ വർദ്ധിപ്പിക്കുന്നതിന്റെ കാര്യത്തിൽ ആവശ്യമായ തീരുമാനം കൈക്കൊണ്ടിട്ടുണ്ടോ; | ഡി) ഉണ്ട്. |

| | | | |
|---|---|---|---|
| ഇ) | എങ്കിൽ പ്രസ്തുത തീരുമാനങ്ങൾ എന്തെന്ന് വിശദമാക്കാമോ? | ഇ) | എച്ച്.ഐ.എൽ. കമ്പനി അധികൃതർക്ക് നൽകിയ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ കൂടുതൽ സുരക്ഷ വർദ്ധിപ്പിക്കുന്നതിലേക്കായി കൂടുതൽ ഫയർസേഫ്റ്റി ഉദ്യോഗസ്ഥരെ നിയമിക്കുന്നതിനും കമ്പനിയുടെ ആവശ്യത്തിലേക്കായി ഒരു മൊബൈൽ ടാങ്ക് യൂണിറ്റ് വാങ്ങുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ